# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3591 30/01/2014-ൽ മറുപടിയ്ക്ക്**

**'ഫിഷ്മെയ്ഡ്' ഫിഷ് കിയോസ്ക്കുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. എ. റ്റി. ജോർജ്ജ്:<br>ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ.വി. പി. സജീന്ദ്രൻ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) 'ഫിഷ്മെയ്ഡ്' എന്ന ബ്രാന്റിൽ ഫിഷ് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും, വിപണനം ചെയ്യുവാനും കേന്ദ്ര സർക്കാർ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ മൊത്തം അടങ്കൽ തുകയായ 350 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ കേന്ദ്ര വിഹിതവും 35 ലക്ഷം രൂപ സംസ്ഥാന വിഹിതവും 15 ലക്ഷം രൂപ കോർപ്പറേഷൻ വിഹിതവുമാണ്. |
| (ബി) എത്ര ഫിഷ്മെയ്ഡ് കിയോസ്ക്കുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; | (ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഫിഷ് മെയ്ഡ് എന്ന ബ്രാൻഡിൽ സംസ്ഥാനത്തുടനീളം 100 ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |
| (സി) ഫിഷ്മെയ്ഡ് കിയോസ്ക്കുകൾ വഴി യുള്ള ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച് മത്സ്യബന്ധന വകുപ്പ് മാർക്കറ്റ് സ്റ്റഡി നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (സി) തീരദേശ വികസന കോർപ്പറേഷൻ വഴി സംസ്ഥാനത്തുടനീളം കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലം നിർണ്ണയിക്കുന്നതിനായുള്ള പ്രാഥമിക സർവ്വേ നടന്നു കഴിഞ്ഞു. ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചു കഴിഞ്ഞു. ആയതിനസുരിച്ച് ലഭിച്ച അപേക്ഷകരുമായി കൂടിക്കാഴ്ച നടത്തുകയും കിയോസ്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സാധ്യത പരിശോധിക്കുകയും ചെയ്തു. പല |

ജില്ലകളിലും എക്സിബിഷൻ/ഫെയറുകളിൽ ഫിഷ് മെയ്ഡ് ഉല്പന്നങ്ങളുടെ ടെസ്റ്റ് മാർക്കറ്റിംഗ് വിജയകരമായി നടത്തിയിട്ടുണ്ട്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വിപണനം വ്യാപിപ്പിക്കുന്നതിനും കിയോസ്കുകളുടെ ബ്രാന്റിംഗിനുമായി പരസ്യകമ്പനികളിൽ നിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചുകഴിഞ്ഞു.

| | | | |
|---|---|---|---|
| (ഡി) | ഫിഷറീസ് വകുപ്പിലെ ഏത് ഏജൻസിയ്ക്കാണ് ഇവയുടെ നടത്തിപ്പിന്റെ ചുമതലയുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ആഫീസർ